# Desabhimani
# 28 August 2018
# Cheranalloor: After Flood,Relief Fund , 10 Lack

## ചേരാനല്ലൂർ സഹ. ബാങ്ക് 10 ലക്ഷം നൽകി



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചേരാനല്ലൂർ സഹകരണ ബാങ്ക് നൽകുന്ന 10 ലക്ഷം രൂപയുടെ ചെക്ക് ജോൺ ഫെർണാണ്ടസ് എംഎൽഎ കെ ജെ ഡിവൈനിൽനിന്ന് ഏറ്റുവാങ്ങുന്നു

**ചേരാനല്ലൂർ**

പ്രളയദുരിതാശ്വാസപ്രവർത്തനത്തിലും ശുചീകരണപ്രവർത്തനത്തിലും മാതൃകയായി ചേരാനല്ലൂർ സഹകരണ ബാങ്ക്. ചേരാനല്ലൂർ വില്ലേജിലെ മുഴുവൻ ദുരിതാശ്വാസക്യാമ്പുകളിലും മരുന്നുകൾ ഉൾപ്പെടെ അവശ്യംവേണ്ട എല്ലാ സഹായങ്ങളും ബാങ്കിന്റെ നേതൃത്വത്തിൽ നടത്തി. വിവിധ പ്രദേശങ്ങളിലെ വീടുകൾ വൃത്തിയാക്കുന്നതിനും ബാങ്ക് നേതൃത്വം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിലേക്ക് ബാങ്കിന്റെ പൊതുനന്മ ഫണ്ടിൽനിന്ന് 10 ലക്ഷം രൂപ നൽകി. ബാങ്ക് അങ്കണത്തിൽ നടന്ന ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് കെ ജെ ഡിവൈനിൽനിന്ന് 10 ലക്ഷം രൂപയുടെ ചെക്ക് ജോൺ ഫെർണാണ്ടസ് എംഎൽഎക്കു കൈമാറി. ബാങ്ക് സെക്രട്ടറി ബി ജയശ്രീയും ഭരണസമിതി അംഗങ്ങളും ജീവനക്കാരും പങ്കെടുത്തു.